**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.285 — 28.10.2019 ൽ മറുപടിക്ക്

## നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ചികിത്സയിൽ അനാസ്ഥ

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ചികിത്സ നല്കുന്നതിലെ അനാസ്ഥ മൂലം ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടിയടക്കം രണ്ട് കുട്ടികൾ അടുത്ത കാലത്ത് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ 25.09.2019 ന് 3 വയസുള്ള എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടി മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എത്ര പരാതികൾ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും ആരൊക്കെയാണ് പരാതി നൽകിയതെന്നും ടി പരാതികളിൽ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) & (സി) | ഈ വിഷയം സംബന്ധിച്ച് 26.09.2019 ന് എ 6/22638/19 നമ്പർ കത്തിൽ മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പോസ്റ്റുമാർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ മരണകാരണം വ്യക്തമാകൂ എന്നറിയിച്ചിട്ടുള്ളതിനാൽ മറ്റ് വകുപ്പുതലനടപടികൾ സ്വീകരിച്ചിട്ടില്ല. മമ്പാട്, പുള്ളിപ്പാടം (P.O.), മുണ്ടാംതോട് വീട് ശ്രീ.എം.ആർ.സുബ്രഹ്മണ്യൻ എന്നയാളിന്റെ ഒരു പരാതി ബഹു.നിലമ്പൂർ MLA മുഖാന്തിരം ലഭിച്ചത് പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പരാതികളിൽ സമഗ്രമായ അന്വേഷണം നടത്തുമോ എന്ന് അറിയിക്കുമോ; | | |
| (ഡി) | ഏറെ ആദിവാസികൾ ഉൾപ്പെടെ ആശ്രയിക്കുന്ന നിലമ്പൂർ ജില്ല ആശുപത്രിയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ, ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ആഷ, കുടുംബശ്രീ പ്രവർത്തകർ, ട്രോമാകെയർ മെമ്പർമാർ എന്നിവരെ ഉൾപ്പെടുത്തി ആദിവാസികളെ വേണ്ടരീതിയിൽ ബോധവത്കരിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. അതോടൊപ്പം ആശുപത്രി ജീവനക്കാർക്ക് ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ഒ.പി., ലാബ്, എക്സ്റേ തുടങ്ങിയ സ്ഥലങ്ങളിൽ താമസം നേരിടാതെയും കിടത്തി ചികിത്സ ആവശ്യമുള്ളവർക്ക് അതിനുവേണ്ട സൗകര്യം വൈകാതെ തന്നെ തയ്യാറാക്കി കൊടുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വാർഡിലോ പരിസരത്തോ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടെങ്കിൽ പരിഹരിക്കാൻ ആശുപത്രി ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ